(ബി) മുസ്ലീങ്ങൾ 47 പേർ. പിന്നോക്കവിഭാഗക്കാരെ സംബന്ധിക്കുന്ന പൂർണ്ണവിവരം ശേഖരിച്ചുവരുന്നു.

(സി, ഡി) വിദ്യാഭ്യാസ ഡയറക്ടർമാരുടെ കീഴിലുള്ള മേൽ സൂചിപ്പിച്ച തസ്തികകളിൽ പ്രമോഷൻ സീനിയോറിറ്റി അടിസ്ഥാനത്തിലാണ് നൽകുന്നത്. അതുകൊണ്ടാണ് എല്ലാ തസ്തികകളിലും മതിയായ പ്രാതിനിധ്യം ലഭിക്കാത്തത്.

കണ്ണൂർ ജില്ലയിലെ ഹൈസ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകൾ

1279 [2056] ശ്രീ. പി. പി. വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഹൈസ്കൂൾ ഇല്ലാത്ത പഞ്ചായത്തുകൾ എത്ര; അവ ഏവ;

(ബി) ഈ പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ അനുവദിക്കണമെന്ന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) ആ നിവേദനങ്ങളുടെ മേൽ എന്തുനടപടികളാണ് സ്വീകരിച്ചത്;

(ഡി) ഈ പഞ്ചായത്തുകളിൽ സമീപഭാവിയിൽ എങ്കിലും ഹൈസ്കൂളുകൾ സ്ഥാപിക്കാൻ നടപടികൾ കൈക്കൊള്ളുമോ;

(ഇ) മുഴപ്പിലങ്ങാട് പഞ്ചായത്തിൽ ഹൈസ്കൂളുകൾ അനുവദിക്കണമെന്ന കാര്യം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അവിടെ ഹൈസ്കൂൾ എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 27 പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ ഇല്ല. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇവയിൽ ചില പഞ്ചായത്തുകളിൽ ഹൈസ്കൂളുകൾ അനുവദിക്കണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി, ഡി) ലിസ്റ്റിലുള്ള ചില പഞ്ചായത്തുകളിൽ അടുത്ത അദ്ധ്യയന വർഷം ഹൈസ്കൂളുകൾ അനുവദിക്കാൻ നടപടി എടുത്തിട്ടുണ്ട്.

(ഇ) നിവേദനം ലഭിച്ചിട്ടുണ്ട്.

(എഫ്) കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

പറവൂരിൽ ഗവ: കോളേജ് സ്ഥാപിക്കാൻ നടപടി

1280 [2057] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ പറവൂരിൽ ഒരു ഗവ: കോളേജ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly